പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2473 09.03.2018 -ൽ മറുപടിക്ക്

## ജോബ് പോർട്ടലും കരിയർ ഡവലപ്മെന്റ് സെന്ററുകളും

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സ്വകാര്യ മേഖലയിലുണ്ടാകുന്ന തൊഴിലുകളിൽക്കൂടി സംസ്ഥാനത്തെ തൊഴിൽരഹിതർക്ക് അവസരം നൽകുന്നതിനുള്ള ജോബ് പോർട്ടലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | എ) | സ്വകാര്യ മേഖലയിലുണ്ടാകുന്ന തൊഴിലുകളിൽ കൂടി സംസ്ഥാനത്തെ തൊഴിൽരഹിതർക്ക് അവസരം നൽകുന്നതിന് www.jobfestkerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. 'നിയുക്തി' എന്ന ജോബ് ഫെയർ മാത്രമാണ് ടി പോർട്ടൽ വഴി ഇപ്പോൾ നടത്തുന്നത്. സ്വകാര്യ മേഖലയിലുണ്ടാകുന്ന തൊഴിലവസരങ്ങൾ സംസ്ഥാനത്തെ തൊഴിൽരഹിതർക്ക് ഉപയോഗപ്പെടുത്തുന്നതിന് എംപ്ലോയ് മെന്റ് വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ ആയ www.employment.kerala.gov.in-ൽ സൗകര്യമൊരുക്കുന്നതാണ്. |
| ബി) | സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രയോജനം തൊഴിൽരഹിതർക്ക് എത്രമാത്രം ലഭിച്ചുവെന്നും, സ്വകാര്യമേഖലയിൽ ജോലി ലഭിക്കുന്നതിന് ഈ സെന്ററുകൾ എത്രമാത്രം വിജയപ്രദമായിയെന്നും വെളിപ്പെടുത്തുമോ ; | ബി) | എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രയോജനപ്പെടുന്നുണ്ട്. നാളിതുവരെയായി എംപ്ലോയബിലിറ്റി |

| | | | |
|---|---|---|---|
| | | | സെന്ററുകൾ മുഖേന 75,145 ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി വിവിധ ജോലികൾക്ക പ്രാപ്തരാക്കുകയും 39,206 പേർക്ക് ജോബ് ഓഫറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സെന്ററുകൾ മുഖേന നടത്തിയ ജോബ് ഡ്രൈവുകളിലൂടെ 18,575 പേർക്ക് പ്ലേസ്മെന്റ് ഓഫർ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലും, തൊഴിൽ മേഖലയിലുമുള്ള നൂതന പ്രവണതകളെ കുറിച്ച് അറിവ് നൽകുന്നതിന് കരിയർ ഡവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം പ്രയോജനപ്രദമാണോ ; | സി) | ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലുമുള്ള നൂതന പ്രവണതകളെ കുറിച്ച് അറിവ് നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം പ്രയോജനപ്രദമാണ്. |
| ഡി) | എല്ലാ ജില്ലകളിലും ഇത്തരം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ? | ഡി) | നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നെയ്യാറ്റിൻകരയിൽ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ